(സി) 1999-2000-ൽ ഇതിന്റെ പ്രവർത്തനമാരംഭിച്ചിട്ടും ഇതെന്തുകൊണ്ട് പൂർത്തിയാക്കാൻ കഴിയുന്നില്ലെന്ന് വിശദീകരിക്കുമോ ;

(ഡി) ഈ മിഷന്റെ തലപ്പത്തിരിക്കുന്നവർക്ക് ഇപ്രകാരമൊരു പദ്ധതി ഏറ്റെടുത്ത് നടത്തിയതിലുള്ള തെളിയിക്കപ്പെട്ട കഴിവും, പരിചയവും എന്തെന്ന് പറയുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിന് ആവശ്യമായ നടപടിക്രമങ്ങളിൽ പ്രധാന ഇനമായ കമ്പ്യൂട്ടർ ഹാർഡ് വെയർ വാങ്ങൽ നടപടി ചില സാങ്കേതിക കാരണങ്ങളാൽ നീണ്ടുപോയതുകൊണ്ടാണ് പ്രവർത്തനം പൂർത്തിയാക്കാൻ കഴിയാതിരുന്നത്.

(ഡി) ഐകെഎം. പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണം, പഞ്ചായത്തുതല വിവര വ്യൂഹം എന്നീ ആശയങ്ങൾ ആവിഷ്കരിക്കുകയും കേരളത്തിലെ ഐ.റ്റി. നയം, ഈ-ഗവേണൻസ് പരിപാടികൾ എന്നിവ കരുപ്പിടിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചവരാണ് ഇതിന്റെ തലപ്പത്ത് ഇരിക്കുന്നവർ. ഇതിൽ ചിലർ സി-ഡിറ്റിലെ പ്രവർത്തനകാലത്ത് സംസ്ഥാന ആസൂത്രണബോർഡിന്റെ ആശയാഭിലാഷം അനുസരിച്ച് പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണം എങ്ങനെ നടപ്പിലാക്കുമെന്ന് കുമരകം പഞ്ചായത്തിൽ പൈലറ്റ് അടസ്ഥാനത്തിൽ പരീക്ഷിച്ച് സാദ്ധ്യത തെളിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് വിശദമായ പഠനങ്ങൾ നടത്തിയതിനുശേഷമാണ് സി-ഡിറ്റിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിച്ചത്.

പ്ലാച്ചിമട കൊക്കോകോള കമ്പനിയുടെ ലൈസൻസ്

95 (4530) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പ്ലാച്ചിമട കൊക്കോകോള കമ്പനിക്ക് ഈ വർഷം പഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടോ ;

(ബി) ഇപ്പോൾ പ്ലാച്ചിമട കൊക്കോകോള കമ്പനി പ്രവർത്തിക്കുന്നുണ്ടോ ;

(സി) കൊക്കോകോള കമ്പനിയുടെ ലൈസൻസ് റദ്ദാക്കാൻ പെരുമാട്ടി പഞ്ചായത്തിനെ പ്രേരിപ്പിച്ച ഘടകങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കൊക്കോകോള കമ്പനിയുടെ ലൈസൻസ് റദ്ദാക്കിയ പഞ്ചായത്തിന്റെ നടപടിക്ക് പഞ്ചായത്ത് ഡയറക്ടർ സ്റ്റേ നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പഞ്ചായത്തുകമ്മിറ്റി നിയമാനുസരണം എടുത്ത തീരുമാനം റദ്ദാക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് അധികാരമുണ്ടോ ; ഉണ്ടെങ്കിൽ ആയതിനുള്ള സാഹചര്യങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത കമ്പനി അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പരിസ്ഥിതി മലിനീകരണം, ജലചൂഷണം എന്നീ കാരണങ്ങൾ കാണിച്ചാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് റദ്ദാക്കിയിട്ടുള്ളത്.

(ഡി) പഞ്ചായത്ത് ഡയറക്ടർ സ്റ്റേ ഉത്തരവ് നൽകിയിട്ടില്ല.

(ഇ) പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനം റദ്ദുചെയ്യാൻ പഞ്ചായത്ത് ഡയറക്ടർക്ക് അധികാരമില്ല.

(എഫ്) കൊക്കോകോള കമ്പനിയുടെ ലൈസൻസ് റദ്ദാക്കിയതിനെതിരായി കമ്പനി ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യുകയും ഹൈക്കോടതി സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് ലഭിച്ച അപ്പീൽ പരാതി സർക്കാർ പരിഗണനയിലാണ്. അപ്പീലിന്റെ തീരുമാനമനുസരിച്ച് മറ്റു നടപടികൾ കൈക്കൊള്ളുന്നതാണ്.

ഹോസ്ദുർഗ് ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ഹർജി

96 (4531) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം പദ്ധതി നിർവ്വഹണ ഏജൻസി ലിസ്റ്റിൽ ഏതൊക്കെ സൊസൈറ്റികളെയാണ് അക്രഡിറ്റഡ് എൻ. ജി. ഒ. ഏജൻസികളായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പത്താം പദ്ധതിയിൽ, ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഏതെങ്കിലും സൊസൈറ്റിയെ ഒഴിവാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) കാസർകോഡ് ജില്ലയിലെ ഹോസ്ദുർഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിയെ 10-ാം പദ്ധതി നിർവ്വഹണ ഏജൻസി ലിസ്റ്റിൽ അക്രഡിറ്റഡ് എൻ. ജി. ഒ. ഏജൻസിയായി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly